# എ.എം.എൽ.പി.എസ്

# വെള്ളിയാമ്പുറം

## അക്കാദമിക് മാസ്റ്റർ പ്ലാൻ

**2025-2026**

# വിദ്യാലയം.

| | |
|---|---|
| വിദ്യാർത്ഥികൾ | 296 |
| അധ്യാപകർ | 12 |
| ടീ ലൈബ്രറി | 60 |
| പാചകം | 1 |

# ആമുഖം

മലപ്പുറം ജില്ലയിലെ നന്നമ്പ്രഗ്രാമപഞ്ചായത്തിൽ പ്രീപ്രൈമറി മുതൽ നാലാം ക്ലാസ് വരെയുള്ള എയ്ഡഡ് വിദ്യാലയമാണ് എ. എം. എൽ. പി. എസ് വെള്ളിയാമ്പുറം. 1924 ലാണ് ഈ വിദ്യാലയം സ്ഥാപിതമായത്. നന്നമ്പ്ര പഞ്ചായത്തിന്റെ 13ാം വാർഡിൽ വെള്ളിയാമ്പുറം എന്ന പ്രദേശത്തിന്റെ മധ്യഭാഗത്തായാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്.

നിരവധി മഹത് വ്യക്തിത്വങ്ങൾ ഈ സ്ഥാപനത്തിൽ നിന്നും വിദ്യ അഭ്യസിച്ച് സ്വദേശത്തും വിദേശത്തും ഉന്നതനിലവാരത്തിൽ ജീവിക്കുന്നു. സാമൂഹ്യ സാഹിത്യ ശാസ്ത്ര കലാകായിക മേഖലകളിൽ നിപുണരായ നിരവധി പൂർവ്വ വിദ്യാർത്ഥികൾ നമുക്കുണ്ട്. എന്നത് സ്കൂളിന് അഭിമാനകരമായ നേട്ടമാണ്. തദ്ദേശസ്ഥാപനങ്ങളുടെയും സർക്കാർ സംവിധാനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും സേവനങ്ങളും മാനേജ്മെന്റിന്റെ സഹായങ്ങളും സ്കൂളിന്റെ വികസനത്തിന് ഏറെ സഹായകരമാണ്.

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ മികച്ച

വിദ്യാലയങ്ങളിലൊന്നായ നമ്മുടെ വിദ്യാലയത്തിന് പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതിയിലൂടെ നിരവധി ലാപ്ടോപ്പുകളും പ്രൊജക്ടറുകളും ലഭിക്കുകയുണ്ടായി. അതുകൊണ്ട് തന്നെ നിലവാരമുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് നൽകാൻ കഴിയുകയും അതോടൊപ്പം പാഠ്യ-പാഠ്യേതര മേഖലകളിൽ മികവുപുലർത്താൻ സാധിക്കുകയും ചെയ്തു. എങ്കിലും കോവിഡെന്ന മഹാമാരി എത്തിയ രണ്ട് വർഷങ്ങൾ ഞങ്ങളുടെ മക്കൾക്ക് വലിയൊരു പഠനവിടവാണ് സൃഷ്ടിച്ചിരിക്കുന്നത്. ഒപ്പം അവരെ കലാകായിക പ്രവൃത്തിപരിചയ ഗണിത ശാസ്ത്ര സാഹിത്യ സാമൂഹ്യ മേഖലകളിലു-മൂല്യങ്ങളും മനോഭാവങ്ങളും കഴിവുകളുമുള്ള കുട്ടികളായി വളർത്തേണ്ടതുണ്ട്. അതിന് ഈ പദ്ധതി പര്യാപ്തമാകുമെന്ന് വിശ്വസിക്കുന്നു.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ലക്ഷ്യങ്ങൾ

* എല്ലാ കുട്ടികളും വായനയും എഴുത്തും സ്വായത്തമാക്കുക എന്ന സ്വപ്ന പദ്ധതി യാഥാർത്ഥ്യമാക്കുക.
* വിദ്യാഭ്യാസ അവകാശനിയമം കുട്ടിക്ക് ഉറപ്പ് നൽകുന്ന അയൽപക്ക വിദ്യാലയമായി മാറാൻ വിദ്യാലയത്തിന് കഴിയുക.
* നമ്മുടെ സ്കൂളിലെ എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം കൊടുക്കാൻ സാധിക്കുക.
* കുട്ടികളുടെ അക്കാദമിക കായിക സർഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുക
* ഓരോ ക്ലാസിലും നേടേണ്ട അടിസ്ഥാന പഠനശേഷികൾ നേടി എന്ന് ഉറപ്പു വരുത്തുക.
* അധ്യയന വർഷത്തിലെ ഓരോ ഘട്ടത്തിലും രക്ഷിതാവുമായുള്ള നിരന്തര സമ്പർക്കത്തിലൂടെ പഠനനേട്ടങ്ങൾ പിന്നുന്ന ഊർജിക്കേണ്ട മേഖലകൾ എന്നിവ ഏതെന്ന് അറിയിക്കുക, കൈത്താങ്ങ് നൽകുക.
* പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കായി പരിഗണനയുള്ള പഠനാന്തരീക്ഷം സൃഷ്ടിക്കുക.

* സമസ്ത മേഖലകളിലും പൊതുസമൂഹവും രക്ഷിതാക്കളും ഇടപെടുന്ന ഇടമാക്കി വിദ്യാലയത്തെ വളർത്തുക.

* എല്ലാ കുട്ടികളുടെയും കഴിവുകളും പരിമിതികളും കണ്ടെത്തി അതിനുതകുന്ന മാർഗങ്ങൾ പ്രയോഗവത്കരിക്കുക.

* മതനിരപേക്ഷ ജനാധിപത്യ മൂല്യമുള്ള സമൂഹത്തെ വാർത്തെടുക്കുക.

* എല്ലാ അധ്യാപകരും മാറുന്ന പഠനസമീപനങ്ങൾക്കനുസൃതമായി തങ്ങളുടെ അറിവുകൾ പരിപോഷിപ്പിക്കുകയും പരിഷ്കരിക്കുകയും ചെയ്യുക.

* വ്യത്യസ്ത മേഖലകളിൽ നിന്നും വിദ്യാലയത്തിന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ സമയോചിതമായി ഇടപെട്ട് സ്കൂളിലെത്തിക്കുക.

# സ്കൂൾ ചരിത്രം

നന്നമ്പ്ര പഞ്ചായത്തിലെ 13-ാം വാർഡിൽ വെള്ളിയാമ്പുറം എന്ന പ്രദേശത്തിന്റെ വെള്ളിയാമ്പുറം എ.എം.എൽ.പി സ്കൂൾ സ്ഥിതി ചെയ്യുന്നു.

വെള്ളിയാമ്പുറം എന്ന സ്ഥലത്തിന്റെ അടുത്ത പ്രദേശത്തൊന്നും പ്രാഥമികവിദ്യാഭ്യാസത്തിനാവശ്യമായ സൗകര്യമില്ലാത്തതിനാൽ 1924-ൽ അന്നത്തെ പ്രമുഖ മുസ്ലീം കുടുംബമായ പട്ടേരിക്കുന്നത്ത് കാട്ടിൽ എന്ന കുടുംബമാണ് ഈ വിദ്യാലയം സ്ഥാപിച്ചത്. മത പഠനത്തോടൊപ്പം പൊതു വിദ്യാഭ്യാസവും ഈ പ്രദേശത്തെ കുട്ടികൾക്ക് ലഭിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് വിദ്യാലയം സ്ഥാപിച്ചത്. എഴുത്തു പള്ളിക്കൂടങ്ങൾ നിലനിന്നിരുന്ന ഈ പ്രദേശത്ത് വിദ്യാലയത്തിന്റെ വരവോടുകൂടി എല്ലാമത വിഭാഗത്തിൽ പെട്ട കുട്ടികൾക്കും പഠിക്കാനുള്ള സാഹചര്യമായി. 1 മുതൽ 5 വരെ ക്ലാസുകളാണ് ആദ്യകാലത്ത് ഉണ്ടായിരുന്നത്. കാലക്രമേണ മാനേജ്മെന്റ് പുഴിക്കൽ തറവാടിന്റെ കീഴിലായി.

ക്ലാസ് - 1

വിഷയം - മലയാളം

ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക.
* എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
* സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതുന്നതിനുള്ള കഴിവ് നേടുക.
* പഠനത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തിയെടുക്കുന്നു.
* ലളിതമായ വായനാകാർഡുകൾ നിർമ്മിക്കുന്നു വായിക്കുന്നു.
* പത്രം തയ്യാറാക്കുന്നു.
* സ്വന്തമായി ഡയറി എഴുതുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായന | * ചിത്രവായന<br>* വിവിധതരം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു.<br>* വായനാമൂല ഒരുക്കൽ.<br>* പത്രവായന.<br>* വായനകാർഡ് തയ്യാറാക്കൽ. | | | |
| ലേഖനം | * ചിത്രങ്ങൾ നോക്കി അവയുടെ പേര് എഴുതുന്നു.<br>* സചിത്രബുക്ക്<br>* സംയുക്തഡയറി എഴുത്ത്.<br>* ആവർത്തിച്ചുവരുന്ന അക്ഷരം കണ്ടെത്തുന്നു. ആ അക്ഷരം എഴുതുന്നു.<br>* ആവർത്തിച്ചുവരുന്ന പദങ്ങൾ കണ്ടെത്തുന്നു എഴുതുന്നു<br>* സാങ്കൽപ്പികഡയറി എഴുതുന്നു.<br>* വരികൾ കൂട്ടിച്ചേർക്കുന്നു. | | | |

English

Aim

* To speak, read and write English without any mistakes.

| Aim | Activities | support | month | Financial resources |
|---|---|---|---|---|
| skills | * To devolve listening skills and reading skills.<br>* Description, growing sentences, picture reading riddles, quiz. | Teachers parents | | |
| Reading skills | * Reading breaking news<br>* Find words from reading materials<br>* Rhyming words<br>* Describing words from text book activities | | | |
| writing skills | * Make word web<br>* Picture description | | | |
| writing skills | * word chain * Make word web * story telling * Riddles * conversation | | | |

ഗണിതം

## ലക്ഷ്യങ്ങൾ

1. ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു. എഴുതുന്നു.
2. അഞ്ചു വരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
3. ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.

| ലക്ഷ്യം | പ്രവർത്തനം | പിന്തുണ | കാലം | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| സംഖ്യാബോധം | * സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം<br>* സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു.<br>* സംഖ്യാ കാർഡ് നിർമ്മിക്കൽ. | * അധ്യാപകർ<br>* രക്ഷിതാക്കൾ | ജൂൺ | |
| ഗണിത കിറ്റ് | * ഗണിത പഠനത്തിന് സഹായകമായ വിധത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു. | | ജൂലൈ. | |
| വലിയസംഖ്യ | * ഒന്നുമുതൽ 20 വരെയുള്ള സംഖ്യകൾ | | | |

| | | |
|---|---|---|
| ചെറിയ സംഖ്യ | തിരിച്ചറിയൽ പ്രവർത്തനങ്ങൾ വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനം | ആഗസ്റ്റ് |
| സങ്കലന ക്രിയകൾ | * സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ<br>* രണ്ടക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ<br>* ഒന്നിനെയൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും. | സെപ്റ്റംബർ |
| ഒറ്റസംഖ്യകൾ ഇരട്ടസംഖ്യകൾ | * ഒറ്റസംഖ്യകൾ ഇരട്ടസംഖ്യകൾ തിരിച്ചറിയൽ.<br>* ഒന്നിടവിട്ട സംഖ്യകൾ ഒറ്റസംഖ്യ, ഇരട്ട സംഖ്യ എന്ന തിരിച്ചറിവ് ഉണ്ടാക്കൽ | ഒക്ടോബർ |
| സംഖ്യാഗാനങ്ങൾ | * സംഖ്യാഗാനങ്ങൾ പാടുന്നു. ശേഖരിക്കുന്നു.<br>* ഗണിത പ്രവർത്തനങ്ങൾ ആസ്വാദ്യകരം ആക്കുന്നു. | നവംബർ |
| വർക്ക് ഷീറ്റ് | * സംഖ്യകളെ സുന്ദരിയാക്കൽ<br>* വർക്ക് പ്രവർത്തനങ്ങൾ<br>* My number book തയ്യാറാക്കൽ | ഡിസംബർ. |

| | | | | |
|---|---|---|---|---|
| വ്യവകലന പ്രവർത്തനങ്ങൾ | ഒറ്റസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ 10-1=9, 10-2=8, 10-3=7 | | ജനുവരി | |
| ചിഹ്നങ്ങൾ | സങ്കലനം, വ്യവകലനം +, - എന്നീ ചിഹ്നങ്ങൾ തിരിച്ചറിവ് നേടുന്നു. | | ഫെബ്രുവരി | |
| ഗണിത കിറ്റ് | * ഗണിതകിറ്റ് പ്രവർത്തനങ്ങൾ ചെയ്യുന്നു. സംഖ്യകളുടെ പകുതി, മൂല്യം തിരിച്ചറിയൽ പ്രവർത്തനങ്ങൾ ഗണിത കിറ്റിലൂടെ സാധ്യമാക്കൽ | | മാർച്ച് | |

## പരിസരപഠനം.

### ലക്ഷ്യങ്ങൾ

* ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തുന്നു.
* വിവിധതരം സസ്യങ്ങൾ (വലിയ മരങ്ങൾ, ചെറിയ ചെടികൾ. പൂക്കുന്നവ പൂക്കാത്തവ) കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
* സസ്യങ്ങൾക്ക്, വേര്, തണ്ട്, ഇല, പൂവ്, കായ തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ചു കണ്ടെത്തുന്നു.
* പൂക്കളുടെ സാദൃശ്യവ്യത്യാസങ്ങൾ (നിറം, ഇതളുകളുടെ എണ്ണം, പ്രയോജനം ചെറുത്, വലുത്. പട്ടികപ്പെടുത്തുന്നു.
* നിറം, രുചി, ആകൃതി, മണം, വലിപ്പം എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന്

കണ്ടെത്തുന്നു.
പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസ്സിലാക്കുന്നു

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ⇒ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിറവ്യത്യാസങ്ങൾ ഉണ്ടെന്ന് കണ്ടെത്തൽ | 1പ്രകൃതിനടത്തം ചുറ്റുപാടു-മുള്ള മരങ്ങൾ ചെടികൾ നിരീക്ഷിക്കുന്നു<br>1പല തരത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു | | | |
| ⇒ചെടികൾക്ക് വേര്, തണ്ട്, ഇല പൂവ്. കായ എന്നീ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു | 1സ്കൂളിൽ പൂന്തോട്ടം നിർമ്മിക്കുന്നു<br>1പൂന്തോട്ടത്തിൽ നിന്നും ചെടികളെ നിരീക്ഷിച്ച് അവ-യുടെ ഭാഗങ്ങൾ കണ്ടെത്തുന്നു | | | |
| ×ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെ-ത്തുന്നു | പച്ചക്കറികൾ, പഴങ്ങൾ കിഴങ്ങുകൾ പൂക്കൾ എന്നിവ കൊണ്ടുവരുന്നു<br>ഓരോന്നിന്റെയും ഏതു ഭാഗമാണ് ഭക്ഷണയോഗ്യമായത് കണ്ടെത്തുന്നു.<br>1രക്ഷിതാവിന്റെ സഹായത്തോടെ ഔഷധത്തോട്ടം നിർമ്മിക്കുന്നു. | | | |

class - 2

ഭാഷാപഠനം

***———***

പ്രവർത്തനം

മലയാള മധുരം [ജൂൺ - മാർച്ച്]

ലക്ഷ്യം

* ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു
* സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു
* ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറുന്നതിന് സാധ്യത ഒരുക്കുന്നു
* ഭാവാത്മക വായനകളിലേക്ക് കുട്ടികളെ നയിക്കുന്നു.
* കുഞ്ഞു ചിത്രകഥ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

* പ്രവർത്തനം

സംയുക്ത ഡയറി [ജൂൺ - മാർച്ച്]

ലക്ഷ്യം

* സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
* സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
* സ്വതന്ത്ര രചന നടത്തുന്നതിന്
* ഭാഷാശേഷി വികസിപ്പിക്കുന്നതിന്

പ്രവർത്തനം

പാട്ടരങ്ങ് [ജൂൺ - മാർച്ച്]

ലക്ഷ്യം

* താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
* കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുന്നു. ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു
* ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
* ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
* ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാക്കുന്നു.

പ്രവർത്തനം

സചിത്ര പുസ്തകം [ജൂൺ - മാർച്ച്]

ലക്ഷ്യം

* എല്ലാ പാഠഭാഗങ്ങളും സചിത്ര പുസ്തകരൂപത്തിൽ അവതരിപ്പിക്കുന്നതിലൂടെ പ്രായോഗിക ധാരണ ഉണ്ടാകുന്നു.
* എല്ലാ കുട്ടികൾക്കും സചിത്ര പുസ്തകം വർക്ക് ബുക്കുകൾ ലഭ്യമാക്കുന്നു.

* കുട്ടി സ്വതന്ത്രവായനക്കാരുമായി മാറുന്നു.
* പ്രവർത്തനങ്ങളിൽ പരിസരപഠനം, ഭാഷ, കലാകായിക പ്രവൃത്തി പരിചയം ഉദ്ഗ്രഥന സാധ്യത ഉറപ്പുവരുത്തുന്നു.

പ്രവർത്തനം
ഫ്ലോർസ് തിയേറ്റർ [ജൂലൈ - മാർച്ച്]

ലക്ഷ്യം
* രണ്ടാം ക്ലാസ്സിലെ മുഴുവൻ കുട്ടികളും ഫ്ലോർസ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* രണ്ടാം ക്ലാസ്സിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.
* പാഠപുസ്തകങ്ങളിലെയും ലഘു ബാല സാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ ഫ്ലോർസ് തിയേറ്ററിന്റെ ഭാഗമായ് അവതരിപ്പിക്കുന്നു.
* ഭാഷയിലെ പഠന മുന്നേറ്റത്തിന് സംഗീതം. ശ്രാവ്യ വായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ വിലപ്പെട്ടമായി ഉപയോഗിക്കുന്നു.

പ്രവർത്തനം
നാട്ടുവിശേഷം കൂട്ടെഴുത്ത് [ജൂലൈ - മാർച്ച്]

ലക്ഷ്യം
* പരിസരപഠനത്തിലൂടെ ഭാഷാപഠന സാധ്യതകൾ ഒരുക്കുന്നു.

* പ്രകൃതി നിരീക്ഷണത്തിലൂടെ ശേഖരിച്ച ആശയങ്ങൾ തെറ്റില്ലാതെ ഭാഷയിൽ എഴുതാൻ കഴിയുന്നു.
* നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാശേഷികൾ ഉറപ്പുവരുത്തി ക്ലാസ്സ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
* മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു.
* പാഠപുസ്തകങ്ങളിലെ ആശയങ്ങൾക്കനുയോജ്യമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കഴിയുന്നു.

പ്രവർത്തനം

ക്ലാസ്പത്രം [ ഓഗസ്റ്റ് മുതൽ ഓരോന്ന് വീതം ]

ലക്ഷ്യം.

* ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.
* രചനാശേഷി പരിപോഷിപ്പിക്കുന്നു.
* വ്യത്യസ്ത പഠനതന്ത്രങ്ങളിലൂടെ ഭാഷാപഠനം സാധ്യമാക്കുന്നു.
* സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശേഖരിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവു ഉണ്ടാകുന്നു.
* ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു.

പ്രവർത്തനം

രചനോത്സവം [ജൂലൈ മുതൽ ഫെബ്രുവരി വരെ]

ലക്ഷ്യം

* എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു.
* രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു
* കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

പ്രവർത്തനം

വായനോത്സവം [ജൂൺ - മാർച്ച്]

ലക്ഷ്യം

* എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുന്നു.
* കുട്ടികളിൽ വായനാശീലം വളർത്തുന്നു.
* ലൈബ്രറി പ്രയോജനപ്പെടുത്തുന്നു.
* വായനാ കുറിപ്പ് തയ്യാറാക്കുന്നു.

പ്രവർത്തനം

ഭാഷോത്സവം [ജനുവരി]

ലക്ഷ്യം.

* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
* കുട്ടികളുടെ സ്വതന്ത്ര രചനക്ക് സാധ്യത ഒരുക്കുന്നു.

* കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിനു മുൻപിൽ അവതരിപ്പിക്കുന്നു.

* തങ്ങളുടെ അനുഭവങ്ങളെ വിവിധ വ്യവഹാര രൂപങ്ങളിലൂടെ പ്രകടിപ്പിക്കാൻ കഴിയുന്നു.

## ഗണിതം

പ്രവർത്തനം

ഗണിത കളികൾ [ജൂൺ - മാർച്ച്]

ലക്ഷ്യം

കുട്ടികൾക്ക് ഗണിതകളികളിൽ താല്പര്യമുണ്ടാകുന്നു. ഗണിത പഠനത്തിൽ താൽപര്യമുണ്ടാകുന്നു.

* വ്യത്യസ്തമായ LPക്ക് അനുയോജ്യമായ ഗണിതകളികളിൽ ഏർപ്പെടുന്നു.

* കൂട്ടുകാരെ കണ്ടെത്താം [സങ്കലനം]
* ഡൊമിനോ കളികൾ [വ്യവകലനം]
* ബോൾ കളി [ഗുണനം]

പ്രവർത്തനം

ഗണിത കിറ്റ് [ജൂൺ - മാർച്ച്]

ലക്ഷ്യം

ELPs മുഴുവനും ഗണിത ശേഷികൾ എളുപ്പത്തിലും രസകരമാക്കുന്നതിന്
ഗണിതം ആസ്വാദ്യകരമാക്കുന്നതിന്

* 10 ന്റെ കെട്ടുകൾ * സ്കെ
* മഞ്ചാടി * മുത്തുകൾ
* പുളിങ്കുരു * സംഖ്യാക്കൂട്ടങ്ങളുടെ കാർഡുകൾ

* കളിനോട്ടുകൾ എന്നിവ തുടങ്ങിയ കിറ്റുകൾ എല്ലാ കുട്ടികളുടെ കയ്യിലും ഗണിതകിറ്റ് ഉൾപ്പെടുത്തുന്നു.

പ്രവർത്തനം

പരീക്ഷണങ്ങൾ. [ജൂൺ-ഫെബ്രുവരി]

ലക്ഷ്യം

* ശാസ്ത്രപഠനം ആസ്വാദ്യകരമാക്കുന്നു.
* അപഗ്രഥിച്ച് നിഗമനത്തിലെത്താൻ കുട്ടി സ്വയം പ്രാപ്തനാകുന്നു.
* വ്യത്യസ്ത ഉപകരണങ്ങൾ സൂക്ഷ്മത, കൃത്യത പാലിച്ച് കൊണ്ട് കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു.

പ്രവർത്തനങ്ങൾ

പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സ്വയം ചെയ്യുന്നതിനും പുതിയത് രൂപകൽപന ചെയ്യുകയും ചെയ്യുന്നു.

പ്രവർത്തനം

ലഘുപ്രോജക്ട് [ജൂൺ-മാർച്ച്]

ലക്ഷ്യം

കുട്ടികളിൽ ശാസ്ത്രചിന്തയും യുക്തിചിന്തയും വളർത്തുക

പ്രവർത്തനങ്ങൾ

കുട്ടികൾ നേരിടുന്ന പഠന പ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് നിരീക്ഷണം. താരതമ്യം വർഗീകരണം അപഗ്രഥനം എന്നീ ഘട്ടങ്ങ-ളിലൂടെ നിഗമനത്തിലെത്തുവാൻ പ്രാപ്തരാക്കുന്നു.

നേരിടുന്ന പ്രശ്നങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നു.

പ്രവർത്തനം

പരീക്ഷണക്കിറ്റ് [ജൂൺ - മാർച്ച്]

ലക്ഷ്യം

* എല്ലാ കുട്ടികൾക്കും ശാസ്ത്ര പരീക്ഷണങ്ങൾ സ്വന്തമായി ചെയ്യുന്നതിന്
* വ്യത്യസ്ത ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു.
* ശാസ്ത്രപഠനത്തിൽ ആത്മവിശ്വാസം വളർത്തുക

പ്രവർത്തനങ്ങൾ

എല്ലാ കുട്ടികളെയും പരീക്ഷണങ്ങൾ ചെയ്യാനുള്ള ഒരു കിറ്റ് സ്വന്തമായി ശേഖരിക്കുന്നു പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായ പരീക്ഷണങ്ങൾ പരീക്ഷണ കിറ്റുകൾ ഉപയോഗിച്ച് ഓരോരുത്തരും ചെയ്യുന്നു.

പ്രവർത്തനം

രക്ഷിതാക്കൾക്ക് ശില്പശാല [ജൂലൈ, ഒക്ടോബർ, ജനുവരി]

ലക്ഷ്യം.

പഠനത്തിൽ കുട്ടികളെ ക്രിയാത്മകമായി സഹായിക്കുക പാഠഭാഗങ്ങളെയും പാഠ വസ്തുക്കളെയും സ്വയം തിരിച്ചറിഞ്ഞ് സ്വന്തം കുട്ടികളുടെ പഠനത്തിൽ സഹായിക്കുക.

പ്രവർത്തനങ്ങൾ

പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായ പ്രവർത്തനങ്ങൾ ചെയ്യേണ്ട വിധവും സംയുക്ത ഡയറി, സചിത്ര പുസ്തകം, ഗണിത കിറ്റ്, ശാസ്ത്രകിറ്റ് എന്നിവ തയ്യാറാക്കുന്ന വിധം രക്ഷിതാക്കൾക്ക് അവബോധമുണ്ടാക്കുന്നു.

പ്രവർത്തനം

വിജയസ്പർശം [ജൂൺ - ഫെബ്രുവരി]

ലക്ഷ്യം

* എല്ലാ കുട്ടികളെയും എഴുത്തിലും വായനയിലും പ്രാപ്തരാക്കുക
* നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിത ക്രിയകൾ ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക

പ്രവർത്തനങ്ങൾ

* സ്കൂൾ സമയത്തിന് പുറമെയുള്ള സമയം കണ്ടെത്തി പ്രയാസം നേരിടുന്ന കുട്ടികൾക്ക് ആവശ്യമായ കൈത്താങ്ങ് നൽകുക
* വർക്ക്ഷീറ്റുകളും പ്രവർത്തിച്ച് പഠിക്കാനുതകുന്ന മറ്റ് സാധനങ്ങളും പഠനത്തിനായി ഉപയോഗിക്കുന്നു.
* കളിരീതിയിൽ കൂടിയുള്ള പഠനത്തിന് മുൻതൂക്കം നൽകുന്നു.

പ്രവർത്തനം

പാനീയമേള [ഡിസംബർ]

ലക്ഷ്യം

ആഹാരം ആരോഗ്യത്തിന് എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട് കടയിൽ നിന്ന് വാങ്ങുന്ന കുപ്പികളിൽ വരുന്ന പാനീയങ്ങൾ ആരോഗ്യത്തിന് ഹാനികരമാണെ-ന്ന് തിരിച്ചറിയുന്നതിന്.

ചുറ്റുപാടും ലഭ്യമായ സാധനങ്ങൾ ഉപയോഗിച്ച് ആരോഗ്യത്തിന് ഹാനികരമല്ലാത്ത പാനീയങ്ങൾ ഉണ്ടാക്കാമെന്ന് തിരിച്ചറിയുന്നതിന്.

പ്രവർത്തനങ്ങൾ

SRG യുടെയും CPTA യുടെയും പിന്തുണയോടെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പാനീയമേള സംഘടിപ്പിക്കുന്നു.

പ്രവർത്തനം

ഭക്ഷ്യമേള [ഡിസംബർ]

പാഠഭാഗവുമായി ബന്ധപ്പെട്ട നമ്മുടെ ദൈനംദിന ഭക്ഷണത്തിൽ എല്ലാ തരത്തിലുമുള്ള ആഹാരപദാർത്ഥങ്ങളും ഉൾപ്പെടുത്തണമെന്ന് തിരിച്ചറിയുന്നതിനുവേണ്ടി എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ഭക്ഷ്യമേള സംഘടിപ്പിക്കുന്നു.

പ്രവർത്തനം

പലഹാരമേള [ഡിസംബർ]

ലക്ഷ്യം

* പലതരം പലഹാരങ്ങൾ മനസ്സിലാക്കുന്നതിന്
* അവ ഉണ്ടാക്കുന്ന വിധം മനസ്സിലാക്കുന്നതിന്
* ലഘു പാചക കുറിപ്പുകൾ തയ്യാറാക്കുന്നതിന്
* പാഠഭാഗവുമായി ബന്ധപ്പെട്ട് എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പലഹാരമേള സംഘടിപ്പിക്കുന്നു.

Class-3

ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ഉപകരണം | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | കവികളെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം<br>പുസ്തക ശേഖരണവും പ്രദർശനവും<br>ചിത്രശാല<br>പൊതുസമൂഹവുമായി ബന്ധപ്പെട്ട് പുസ്തകശേഖരണം | ജൂൺ | | |
| വായന പരിപോഷണം | വായനക്കളരി<br>നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം. | | | |

ലക്ഷ്യങ്ങൾ

* സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കും. അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.
* കവിതകളും പാട്ടുകളും ആശയവ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
* രചനകൾ ഭാവാത്മകമായി വായിക്കും.
* ആസ്വദിച്ച ഭാഷാഘടകങ്ങൾ (കഥ, കവിത, നാടൻപാട്ട്, കടങ്കഥ, പഴഞ്ചൊല്ല് മുതലായവ) ഹൃദിസ്ഥമാക്കുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
* ലഘുവായ സർഗാത്മക രചനകൾ നടത്തും. (കഥ, കവിത, ഡയറി, ചിത്രം)
* കഥകളെയും കവിതകളെയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും.
* ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും. (വിവരണം, സംഭാഷണം)

ജൂൺ - ജൂലായ്

* നാടൻപാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉൾപ്പെടെ)
* പഴഞ്ചൊല്ലുകൾ ശേഖരണം.
* കഥാശേഖരം - ക്ലാസ് ലൈബ്രറി നവീകരണം (നാട്ടുകഥകൾ)
* നാടൻപാട്ടിലെയും കവിതയിലെയും താളം (കവിതചൊല്ലൽ ശില്പശാല)
* കഥോത്സവം (നാടൻ കഥകളുടെ അവതരണ ശില്പശാല.
* കടങ്കഥകൾ ശേഖരണം - കടങ്കഥ പാട്ടുകൾ - കടങ്കഥ പതിപ്പ് - കടങ്കഥ പയറ്റ്
* കലയിലെ കേരളം - കലാകാരനെ പരിചയപ്പെടാം - അഭിമുഖസംഘടിപ്പിക്കാം.
* കലാരൂപങ്ങൾ വേഷവിധാനം - ചിത്രശേഖരണം - ആൽബം.
* പാവനാടകത്തെ അടുത്തറിയാം - ശില്പശാല.

ആഗസ്റ്റ് - സെപ്തംബർ.

* കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ, ലൈബ്രറിയിൽ ഒരുക്കിവയ്ക്കൽ
* ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കിവയ്ക്കൽ.
* നാടകശില്പശാല.
* നേർക്കാഴ്ച അവതരണങ്ങൾ
* ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം.
* പലഹാരമേള - പാചകക്കുറിപ്പ് തയ്യാറാക്കൽ.
* കത്തുകൾ മാതൃകകൾ.
* ഹരിതകർമ്മസേന അംഗങ്ങളുമായി അഭിമുഖം.
* സ്കൂൾ പത്രം.
* വിമല വിദ്യാലയം ശുചിത്വ പരിപാടി തയ്യാറാക്കൽ.

* നാടോടിക്കഥകളുടെ അവതരണം.
* നാടൻപാട്ടുകളുടെ അവതരണം.
* പാവനാടകം അവതരണം.

## ഒക്ടോബർ

* കൃഷിയിടം സന്ദർശനം.
* കൃഷിപ്പാട്ടുകൾ, കൃഷിച്ചൊല്ലുകൾ അവതരണം
* കുട്ടിക്കളികൾ - കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം, പതിപ്പ്
* നാടൻപാട്ട് ശില്പശാല.

## ഗണിതം.

### ജൂൺ - ജൂലായ്

### യൂണിറ്റ് - 1 രൂപങ്ങൾ വരയ്ക്കാം.

ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ
ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്താൻ
തോരണം, നിർമാണം, തോണി നിർമ്മാണം
വെജിറ്റബിൾ പ്രിന്റിംഗ്
ചതുരം, വട്ടം, ത്രികോണം, എന്നീ രൂപങ്ങൾ ചേർത്തുവെച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു.

### ജൂലായ് - ആഗസ്റ്റ്

ഓരോ കുട്ടിക്കും കണക്കുപെട്ടി, ഗണിതശില്പശാല നിർമ്മിക്കേണ്ടത്
1 മുതൽ 100 വരെ എഴുതിയ ടോക്കൺ

* കുറിനോട്ടുകൾ
* ഓരോ നോട്ടുകളും 10 എണ്ണം വീതം
* കമ്പ് കെട്ടുകൾ
* സംഖ്യാ സ്ട്രിപ്പുകൾ
* അബാക്കസ് നിർമ്മാണം.

ആഗസ്റ്റ് - സെപ്തംബർ

പ്രായോഗികപ്രശ്നങ്ങളുടെ നിർധാരണം

ഒക്ടോബർ

സ്കെയിൽ നിർമ്മാണം.

കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം, ക്യാമ്പ്.

നവംബർ ,ഡിസംബർ

ഗുണനവസ്തുത കാർഡ് നിർമ്മാണം.

പരിസരപഠനം.

ലക്ഷ്യങ്ങൾ.

* ശാസ്ത്രാവബോധം വളർത്തുക.
* പ്രകൃതിവിഭവസംരക്ഷണം.
* ശാസ്ത്ര പരീക്ഷണങ്ങളിൽ താത്പര്യം ജനിപ്പിക്കൽ.

## ജൂൺ, ജൂലൈ, ആഗസ്റ്റ്

* കണ്ടെത്താം അറിയാം.
* ലഘു പരീക്ഷണങ്ങൾ
* കണ്ടെത്തുന്നു
* കുറിപ്പു തയ്യാറാക്കൽ.

## ജൂലൈ, ഡിസംബർ

* ജൈവ-വൈവിധ്യ പാർക്ക്
* തടയണ
* മഴക്കുഴി നിർമ്മാണം
* ജലസ്രോതസ്സുകൾ
* പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം.
* ശാസ്ത്രപ്രതിഭകളെ അടുത്തറിയാം.
* പരീക്ഷണം വീട്ടിനകത്തു
* ശാസ്ത്ര മാസികകൾ.

English.

Aim :- To speak, Read & write English without any mistakes

Time: June to March.

To check the vocabulary and writing skills of pupils.

Activities

June and July

pretest

To develop listening skills and reading skills.

Listening skills:

Games, Action songs.

* Hello English Activities
* Conversations
* short stories
* Use ICT

Speaking skills.

* Identify the naming words from the picture
* Identify the action words from the picture.

Make the simple sentences using the word about picture.

Make simple description about the picture

* Growing sentences, picture reading, self introductions

August and september

* Develop the creative speaking and writing

Reading skills.

Books reading, Find words, collect and read past tense, Rhyming words, TB activities

Writing skills.

Make word web, picture description.

Word chain

Make words & sentences, Make riddles, conversations, Add more lines

October and November

To express thoughts, feelings etc...

Reading skills.

Library book reading

Conversations, skit, stories, use ICT, Read notice, Develop story

Writing skills.

* Description, thoughts.

December and January

Develop the creative speaking writing.

## Reading skills.

* Library books reading.
* conversations, skit. stories use ICT
* Develop story
* Reads dairy.

## Writing skills.

Dairy

Announcement

* February and March.

To improve the presentation power.

## Reading skills.

Library books reading, conversations, skit stories, Develop story.

## Writing skills.

* Dairy, Descriptions, Thoughts, Exhibition

class - 4

## ലക്ഷ്യം

ഭാഷയിലും ഗണിതത്തിലും പരിസരപഠനത്തിലും ആസ്വാദ്യകരമായ പഠനം ഉറപ്പാക്കുക

ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുക

ഭാഷാപഠനം

| പ്രവർത്തനം | ലക്ഷ്യം | കാലം |
|---|---|---|
| ഭാഷാപരമായി പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ടു കൊണ്ടുവരാൻ | ജൂൺ മുതൽ ജനുവരി വരെ |
| വായിക്കാം വളരാം<br>→ ക്ലാസ്സ് വായന<br>→ ക്ലാസ്സ് ലൈബ്രറി ഒരുക്കൽ | വായനാശേഷി വളർത്തൽ | ജൂൺ മുതൽ സെപ്റ്റംബർ വരെ<br>ജൂൺ - ജൂലൈ |
| → വായനാ സാമഗ്രികൾ നൽകൽ<br>→ ക്ലാസ്സിൽ വായിപ്പിക്കൽ (വ്യക്തിഗതം) | | ജൂൺ മുതൽ ജനുവരി വരെ |

| | | |
|---|---|---|
| വ്യക്തിഗതമായും സംഘമായും വായിച്ച് അവതരിപ്പിക്കൽ | വായനാശേഷി വളർത്തൽ | |
| എഴുത്താം തെളിയാം<br>* ക്ലാസിലുള്ള പേര് പുസ്തകത്തിൽ പേരെഴുതൽ<br>* ഡയറി എഴുതൽ<br>* പത്രവാർത്ത എഴുതൽ<br>* വായനാമത്സരം | എഴുത്ത് പരിപോഷിപ്പിക്കൽ | ജൂൺ - ഒക്ടോബർ<br>ജൂൺ - സെപ്റ്റംബർ<br>ജൂലൈ മുതൽ ജനുവരി വരെ<br>ആഴ്ചയിൽ ഒരു ദിവസം |

## ഗണിതം

### ലക്ഷ്യം

ചതുഷ്ക്രിയകൾ ലളിതമാക്കൽ

| പ്രവർത്തനം | ലക്ഷ്യം | കാലം |
|---|---|---|
| * വിവിധതരം കളികൾ അനുരൂപണം ചെയ്ത് നടപ്പിലാക്കൽ | | വർഷം മുഴുവൻ |
| * പഠനോപകരണം നിർമ്മിക്കൽ | | വർഷം മുഴുവൻ |
| * ഗണിതമൂല സജ്ജമാക്കൽ | | ഓഗസ്റ്റ് - ജനുവരി |
| * പ്രശ്നങ്ങൾ പരിഹരി-ക്കൽ | | |
| * പസിൽ, പാട്ടുകൾ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | | മാർച്ച് |

ഇംഗ്ലീഷ് ഭാഷാപഠനം

ലക്ഷ്യം

ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനുമുള്ള കഴിവ് മെച്ചപ്പെടുത്തൽ

| പ്രവർത്തനം | ലക്ഷ്യം | കാലം |
|---|---|---|
| * ക്ലാസ്സിൽ ഇംഗ്ലീഷിനായി ഒരു ദിവസം തിരഞ്ഞെടുക്കൽ | | ജൂലൈ മുതൽ |
| * ക്ലാസ്സിൽ ഇംഗ്ലീഷ് സംസാരിക്കാനുള്ള അവസരം നൽകൽ | | ആഗസ്റ്റ് സെപ്റ്റംബർ |
| * ഇംഗ്ലീഷ് ഡയറി | | |
| * റിസോഴ്സ് ടീച്ചർ പാഠഭാഗവുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കുന്നു | സർഗാത്മക പരിപോഷണം | മാസത്തിൽ ഒരു തവണ |
| * വായനാ മത്സരം | | ജൂലൈ മാർച്ച് |
| | | |

പരിസരപഠനം

ലക്ഷ്യം

* → *

ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലം |
|---|---|---|
| * പ്രകൃതി നടത്തം | | ആവശ്യാനുസരണം |
| * ശാസ്ത്രമേള | | വർഷം മുഴുവൻ |
| * കേരളം - ഇന്ത്യ ഭൂപട വായന | | സെപ്റ്റംബർ |
| * ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ ശേഖരിക്കൽ | | ജൂലൈ - ഡിസംബർ |
| * പഠനോപകരണങ്ങളുടെ പ്രദർശനം<br>* പതിപ്പ്<br>* ചാർട്ട്<br>* ആൽബം<br>* പഠനോപകരണം<br>* പരീക്ഷണം | | മാർച്ച് |